7/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം


തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


**ഹർജി നമ്പർ AP.2196(2)/2020/എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 7082/എസ്.ഐ.സി-ജി6/2020)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. അനീഷ് മോൻ എസ്.കെ,<br>ഷിജു ഭവനം,<br>പെരിങ്ങലിപ്പുറം (പി.ഒ), ഉളുന്തി, ചെങ്ങന്നൂർ,<br>ആലപ്പുഴ. | ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ,<br>എണ്ണയ്ക്കാട് വില്ലേജ് ഓഫീസ്,<br>ചെങ്ങന്നൂർ, ആലപ്പുഴ.<br><br>2. അപ്പീൽ അധികാരി & തഹസിൽദാർ (ലാൻഡ് റെക്കോർഡ്സ്),<br>ചെങ്ങന്നൂർ താലൂക്ക് ഓഫീസ്,<br>ആലപ്പുഴ. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27/02/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04/07/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 27/05/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 25/06/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16/07/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 06/08/2020 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 06/12/2022<br>വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. അനീഷ് മോൻ എസ്.കെ 16/07/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 06/08/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 2196(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 27/02/2020 തീയതി സമർപ്പിച്ച അപേക്ഷയിൽ താഴെപ്പറയുന്ന വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടത്:

1. 12/05/2010-ൽ ടിയാന്റെ പിതാവായ ശ്രീ. പി.കെ കൃഷ്ണൻകുട്ടിയുടെ പക്കൽ നിന്നും അന്നേ സമയത്തെ എണ്ണയ്ക്കാട് വില്ലേജ് ഓഫീസർ ആയി സേവനം അനുഷ്ഠിച്ച ശ്രീമതി. ശ്രീകല. ജെ സ്വീകരിച്ച പരാതി ആയ അനധികൃതമായി നിർമ്മിച്ച പോക്കുവരവു ചെയ്തു (946/2010) നമ്പർ പ്രമാണം നടപടിയിൽ എതിർപ്പറിയിച്ചിട്ടുളള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടിക്രമങ്ങളുടെ പകർപ്പും
2. ഏത് മേൽ അധികാരിയുടെ ഉത്തരവിൻ പ്രകാരമാണ് ശ്രീമതി. ശ്രീകല. ജെ (946/2010) നമ്പർ പ്രമാണം 276/22, 276/21, 276/19 എന്നീ സർവ്വേ നമ്പർ പ്രകാരം (1406- ാം നമ്പർ തണ്ടപ്പേർ) പ്രകാരം കരം അടച്ച് പോക്കുവരവ് ചെയ്തു കൊടുത്തത് അതിന്റെ പകർപ്പും മറ്റുമായി 6 ഇനം വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 04/07/2020-ന് എതിർകക്ഷി ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 27/05/2020 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 25/06/2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 11/10/2021 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരന്റെ അപ്പീലിന് 23/06/2020-ൽ ടി കാര്യാലയത്തിൽ നടന്ന വിചാരണയുടെ അടിസ്ഥാനത്തിലും എസ്.പി.ഐ.ഒ-യുടെ വിവരാവകാശ മറുപടി പരിശോധിച്ചതിലും, വില്ലേജ് രേഖകളുടെ അടിസ്ഥാനത്തിൽ ഹർജി കക്ഷിയ്ക്ക് ടിയാന്റെ അപേക്ഷയിലെ ക്രമ പ്രകാരം മറുപടി നൽകുവാൻ എസ്.പി.ഐ.ഒ-യ്ക്ക്

നിർദ്ദേശം നൽകി 25/06/2020 പ്രകാരം അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നും, അപ്പീൽ ഹർജി തീർപ്പുകൽപ്പിച്ചു കൊണ്ട് എസ്.പി.ഐ.ഒ-യ്ക്ക് നൽകിയ നിർദ്ദേശം പാലിച്ചു അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുള്ളതായി 28/09/2021 പ്രകാരം എസ്.പി.ഐ.ഒ ആയ എണ്ണയ്ക്കാട് വില്ലേജ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള താണെന്നുമാണ്. വിവരാവകാശ അപേക്ഷ സമർപ്പിച്ച കാലയളവിലും അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവ് നൽകിയ കാലയളവിലും എണ്ണയ്ക്കാട് വില്ലേജിൽ എസ്.പി.ഐ.ഒ ആയി ജോലി ചെയ്തിരുന്നത് ശ്രീ. സജീവ് കുമാർ സി.എസ്. എന്നയാളാണെന്നും, നിലവിൽ ടി വില്ലേജിൽ എസ്.പി.ഐ.ഒ ആയി ചുമതല വഹിക്കുന്നത് ശ്രീ. കെ.ജി. മനോജ് എന്നയാളാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് വ്യക്തമായ മറുപടി പത്ത് ദിവസത്തിനകം ടിയാന് നൽകണമെന്നും ടി വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് 14/12/2022-ൽ കമ്മീഷനിലേയ്ക്ക് അയച്ചു നൽകിയതിനാൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ജനുവരി 31-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV